# തബ്ലീഗ് ജമാഅത്തും ഗൈബും

മായിൻകുട്ടി സുല്ലമി

സൂഫിക്കഥകളിലൂടെ തബ്ലീഗുകാർ ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങളെ തകർക്കുവാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞാൽ ഒട്ടും അത്ഭുതപ്പെടേണ്ട. അവരുടെ അബ്ദാലുകളും ഖുത്തുബുകളും ഗൗസുകളും യഥേഷ്ടം മറഞ്ഞ കാര്യം അഥവാ ഗൈബ് അറിയുമെന്ന് കെട്ടുകഥകളിലൂടെ ആവർത്തിക്കുന്നു. സമസ്തക്കാരെയും തബ്ലീഗുകാരെയും ഇടവും വലവും വയ്ക്കാം. സമസ്തക്കാർ തബ്ലീഗുകാരെ നടത്തുന്ന വിമർശനങ്ങൾ ശ്രദ്ധിച്ചു. പക്ഷെ, ഇത്തരം കഥകളുടെ പേരിൽ വിമർശിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

അല്ലാഹു പറയുന്നു. "(നബിയേ) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽപെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ, എനിക്ക് അദൃശ്യ കാര്യമറിയാമായിരുന്നെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്." (വി.ഖു. 7:188)

ഇനി തബ്ലീഗ് കഥകൾ കാണാം. "ഹള്റത്ത് ശഫീഖ് ബൽഖി പറയുന്നു. ഹിജ്റ 149ൽ ഞാൻ ഹജ്ജിന് പോവുകയായിരുന്നു. വഴിയിൽ ഖാദിസിയ്യ പട്ടണത്തിൽ ഇറങ്ങി. അവിടെ ഞാൻ ജനങ്ങളുടെ ആടയലങ്കാരങ്ങളും അവരുടെ ഞെരുക്കവും മറ്റും അധികമായി കണ്ടുകൊണ്ടിരുന്നു. അവിടെ സുന്ദരനായ ഒരു ചെറുപ്പക്കാരൻ വസ്ത്രത്തിനു മുകളിൽ ഒരു കമ്പിളിയും കാലിൽ ചെരിപ്പും ധരിച്ച് എല്ലാവരിൽ നിന്നും വേർപ്പെട്ട് ഒറ്റക്കിരിക്കുന്നതായി ഞാൻ കണ്ടു. അയാൾ ഒരു സൂഫി മട്ടുകാരനായിതോന്നുന്നല്ലോ. വഴിയിൽ മറ്റുള്ളവർക്ക് ഭാരമായിത്തീരുകയും ചെയ്യുമല്ലോ എന്നെനിക്കു തോന്നി. എന്നാൽ അയാളോട് ഈ വിവരം പറയാം എന്ന വിചാരത്തിൽ ഞാൻ അടുത്തേക്ക് ചെന്നപ്പോൾ അയാൾ ഓ! ശഫീഖ്! അധികമായ തെറ്റിദ്ധാരണകളിൽ നിന്നും നിങ്ങൾ ദൂരമാകുവിൻ. "ചില ധാരണകൾ പാപമാണ്." (ഹുജ്റാത്ത്) എന്ന ആയത്ത് ഓതിയിട്ട് എന്റെ അടുക്കൽ നിന്നും പൊയ്ക്കളഞ്ഞു...

പിന്നീട് ഞാൻ വാകിസാ എന്ന സ്ഥലത്തെത്തിയപ്പോൾ അദ്ദേഹം നമസ്കരിച്ചുകൊണ്ടിരിക്കുന്നതായി പെട്ടെന്ന് കണ്ടുമുട്ടി. എന്റെ തെറ്റിദ്ധാരണയിൽ നിന്നും മാപ്പ് ചോദിക്കാം എന്ന വിചാരത്തിൽ ഞാൻ അദ്ദേഹത്തിന്റെ ഭാഗത്തേക്ക് നടന്നു. അദ്ദേഹം പറഞ്ഞു. ശഫീഖേ! ഓതുക! "നിശ്ചയമായും ഞാൻ വളരെ പൊറുത്ത് കൊടുക്കുന്നവനാണ്. തൗബ ചെയ്യുകയും വിശ്വസിച്ചു സൽപ്രവൃത്തികൾ ചെയ്യുകയും പിന്നെ ചൊവ്വായ പാതയിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നവർക്ക്" (ത്വാഹ)

ഈ ആയത്ത് ഓതിയിട്ട് അദ്ദേഹം പോയി. ഇദ്ദേഹം അബ്ദാലുകളിൽപെട്ട ആളായിരിക്കും. രണ്ടു പ്രാവശ്യം എന്റെ മനസ്സിൽ വിചാരിച്ച കാര്യം അദ്ദേഹം ഇങ്ങോട്ട് പറഞ്ഞു കേൾപ്പിച്ചല്ലോ എന്ന് ഞാൻ മനസ്സിൽ വിചാരിച്ചു.

പിന്നീട് ഞങ്ങൾ 'സയാല' എന്ന സ്ഥലത്ത് എത്തിയപ്പോൾ പെട്ടെന്ന് ആ യുവാവിനെ കണ്ടുമട്ടി. ഒരു കിണറ്റിനരികിൽ ഒരു വലിയ കോപ്പയും കയ്യിൽ പിടിച്ച് വെള്ളമെടുക്കാനുള്ള

ഉദ്ദേശത്തിൽ നിൽക്കുന്നു. കോപ്പ കിണറ്റിൽപോയി. അദ്ദേഹം ആകാശത്തേക്ക് നോക്കിക്കൊണ്ട് ചില പദ്യങ്ങൾ ചൊല്ലി. അല്ലാഹുവേ, ഈ കോപ്പയല്ലാതെ എന്റെ പക്കൽ യാതൊന്നും ഇല്ല. ഈ കോപ്പ എനിക്ക് തടയരുതേ...

അതാ! കിണറ്റിലെ വെള്ളം മുകളിൽ വന്നു. കോപ്പ എടുത്തു. വുളു എടുത്തു. നമസ്കരിച്ചു. ശേഷം മണൽകൂട്ടിവെച്ച് ഒരോരോ പിടിവാരി ആ കോപ്പയിലിട്ട് അതു കുലുക്കി കുടിച്ചുകൊണ്ടിരുന്നു. ഞാൻ ചെന്നു സലാം പറഞ്ഞു. ഞാൻ പറഞ്ഞു. അല്ലാഹു നിങ്ങൾക്ക് നൽകിയതിൽ നിന്നും എനിക്കും ഭക്ഷിപ്പിച്ചാലും; അദ്ദേഹം പറഞ്ഞു. ശഫീഖ് അല്ലാഹുവിന്റെ അനേകം അനുഗ്രഹങ്ങൾ നമ്മുടെ മേൽ ഉണ്ട്. റബ്ബിനെക്കുറിച്ച് നല്ല വിചാരമുള്ള വനായിരിക്കുക. ശേഷം ആ കോപ്പ എനിക്ക് തന്നു. ഞാൻ അത് കുടിച്ചു. അതിൽ മലർപൊടിയും പഞ്ചസാരയും കലർത്തിയിരുന്നു. അതിനെക്കാൾ രസകരമായതും സുഗന്ധമുള്ളതുമായ ഭക്ഷണം ഇതിനു മുമ്പ് ഞാൻ ഭക്ഷിച്ചിട്ടില്ല. ഞാൻ കുടിച്ചു. അതിന്റെ ബറകത്തുകൊണ്ട് അനേക ദിവസം എനിക്ക് വിശപ്പും ദാഹവും ഉണ്ടായില്ല.

പിന്നീട് മക്കയിൽ വെച്ചു കണ്ടു. വളരെയധികം ഭൃത്യസംഘങ്ങൾ അദ്ദേഹത്തെ വലയം ചെയ്തിട്ടുണ്ട്. എന്റെ അടുത്ത് നിന്നിരുന്ന ഒരാളോട് ഈ മഹാൻ ആരാണ്? എന്ന് ചോദിച്ചപ്പോൾ ഇത് മൂസബ്നു ജഅ്ഫർ ആണെന്ന് അദ്ദേഹം പറഞ്ഞു. ജഅ്ഫർ സാദിഖ് (റ) അവർകളുടെ പുത്രൻ. ഞാൻ വിചാരിച്ചു. ഇത്തരം അത്ഭുതസംഭവങ്ങൾ ഇതുപോലുള്ള സയ്യിദുകളിൽ നിന്നും ഉണ്ടാകേണ്ടതുതന്നെ.

മറ്റൊരു കഥ. ഹള്റത്ത് അബൂസഈദ് ഖസ്സാസ് (റ) പറയുന്നു. ഞാൻ മസ്ജിദുൽ ഹറാമിൽ ചെന്നപ്പോൾ അവിടെ ഒരു ഫക്കീറിനെ കണ്ടു. അദ്ദേഹത്തിന്റെ പക്കൽ രണ്ട് വസ്ത്രം ഉണ്ടായിരുന്നു. ജനങ്ങളോട് യാചിച്ചുകൊണ്ടിരുന്നു. ഞാൻ എന്റെ സദസ്സിൽ, ഇങ്ങിനെയുള്ള ആളുകൾ മനുഷ്യർക്ക് ഒരു ഭാരമായിക്കൊണ്ടിരിക്കുന്നു എന്ന് കരുതി. അപ്പോഴേക്കും അദ്ദേഹം എന്റെ നേരെ നോക്കിക്കൊണ്ട് ഈ ആയത്ത് ഓതി. "നിശ്ചയമായും അല്ലാഹു നിങ്ങളുടെ ഹൃദയത്തിലുള്ളതെല്ലാം അറിയുന്നവനാണ് എന്ന് ഉറപ്പിച്ചുകൊൾക. അവനെ നിങ്ങൾ ഭയപ്പെടുക." (ബഖറ. 30) അബൂസഈദ് പറയുന്നു. ഞാൻ എന്റെ മനസ്സിൽ ഉണ്ടായ തെറ്റിദ്ധാരണയിൽ നിന്നും തൗബ ചെയ്തപ്പോൾ അദ്ദേഹം എന്നെ ഉച്ചത്തിൽ വിളിക്കുകയും താഴെപറയുന്ന ആയത്ത് ഓതുകയും ചെയ്തു. "അവൻ തന്റെ ദാസൻമാരുടെ തൗബ സ്വീകരിക്കുന്നവനാണ്. അവന്റെ എല്ലാ പാപങ്ങളും മാപ്പുചെയ്യുകയും ചെയ്യുന്നു." (ശൂറ)

ഒരു മഹാൻ പറയുന്നു. "ഞാൻ ഒരു സംഘത്തോടൊപ്പം യാത്ര ചെയ്തുകൊണ്ടിരിക്കുക യായിരുന്നു. വഴിയിൽവെച്ച് ഒരു സ്ത്രീ യാത്രാ സംഘത്തിന് മുമ്പേ നടന്നു കൊണ്ടിരിക്കുന്നതായി ഞാൻ കണ്ടു. ഞാൻ എന്റെ മനസ്സിൽ, ഒരു ബലഹീന സംഘത്തിൽ നിന്നും വിട്ടുപോകാതിരിക്കാൻവേണ്ടി മുമ്പിൽ നടന്നുകൊണ്ടിരിക്കുകയാണ്, എന്ന് ചിന്തിക്കുകയും എന്റെ പക്കൽ ഉണ്ടായിരുന്ന കുറച്ചു ദിർഹം പോക്കറ്റിൽ നിന്നും എടുത്ത് അവർക്ക് കൊടുക്കാൻ ഒരുങ്ങുകയും, ഖാഫില വഴിയിൽ ഇറങ്ങി താമസിക്കുമ്പോൾ, എന്നെ അന്വേഷിക്കണം. ഞാൻ സംഘക്കാരിൽ നിന്നും പിരിവെടുത്ത് നിങ്ങൾക്ക് തരാം. അതുകൊണ്ട് വാഹനക്കൂലി കൊടുക്കാം എന്ന് പറയുകയും ചെയ്തു. ഉടനെ അവർ കയ്യ് മുകളിലേക്ക് പൊക്കിയിട്ട് മണ്ണിൽ നിന്നും എന്തോ സാധനം എടുത്തപ്പോൾ അത് ദിർഹം ആയിരുന്നു. അവര് അത് എനിക്ക് തരികയും "നീ പോക്കറ്റിൽ നിന്ന് എടുക്കുന്നു നാം ഗൈബിൽ നിന്നും പറയുകയും ചെയ്തു." (ഹജ്ജിന്റെ മഹത്വങ്ങൾ പേജ്. 456-462)

ജാലവിദ്യക്കാരന്റെ ലാഘവബുദ്ധിയോടെ ഗൈബിൽ കളിക്കുന്ന ഖോജാക്കൾ. ആരാണിവർ? എന്തിനാണ് ഈ കഥകൾ? മുസ്ലിംകളെ കെട്ടുകഥകളിൽ തളച്ചിട്ടു നശിപ്പിക്കുവാനുള്ള ഗൂഢാലോചനയാണോ ഇത്? സംശയിക്കുന്നവരെ കുറ്റം പറയാൻ പറ്റില്ല. ഇതിന് സമാനമായ പാട്ടല്ലേ മൊയ്തീൻമാലയിലുള്ളത്. " കുപ്പിയകത്തുള്ള വസ്തുവിനെപ്പോലെ കാൺമാം ഞാൻ നിങ്ങടെ ഖൽബകം എന്നോവർ."

അല്ലാഹു അവന്റെ ഗുണങ്ങളെക്കുറിച്ച് നമ്മെ അറിയിക്കുന്നു. "(നബിയേ പറയുക. നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ച് വെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു." (3:29) "നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നു." "അവരുടെ മനസ്സുകൾ ഒളിച്ചുവെക്കുന്നതും അവർ പരസ്യമാക്കുന്നതും നിന്റെ രക്ഷിതാവ് അറിയുന്നു." (28:69) ഇതുപോലെ അനവധി ആയത്തുകളുണ്ട്. അവയിൽ പറഞ്ഞ ഗുണങ്ങളാണ് തബ്‌ലീഗുകാരുടെ ഖോജാക്കൾ സ്വന്തമാക്കിയത്.

അവരുടെ പുതുമ നിറഞ്ഞ ഒരു സ്വപ്നക്കഥ പറയാം. അതിൽ ഇവരുടെ ബന്ധം എന്തൊക്കെയെന്ന് ബോധ്യമാവും. അറിയപ്പെടുന്ന ഒരു സൂഫിയാണ് ജുനൈദ്. അദ്ദേഹം ഒരിക്കൽ സ്വപ്നത്തിൽ ശൈത്വാനെ പൂർണ്ണനഗ്നനായിക്കണ്ടു. അദ്ദേഹം ചോദിച്ചു: മനുഷ്യരുടെ മുമ്പിൽ നഗ്നനാവാൻ നിനക്ക് നാണമില്ലേ? അവൻ പറയുകയാണ്. ഇവർ വല്ല മനുഷ്യരുമാണോ? എന്റെ ശരീരത്തെ ശോഷിപ്പിച്ച, എന്റെ കരളിനെ കരിച്ചു കളഞ്ഞ ശൊനിസിയ്യ പള്ളിയിലിരിക്കുന്നവരാണ് മനുഷ്യർ. ജുനൈദ് പറയുന്നു. ഞാൻ ശൊനിസിയ്യ പള്ളിയിൽ ചെന്നപ്പോൾ കാൽമുട്ടിൽ തലവെച്ച് മുറാഖബയിൽ ചില മഹാൻമാരെയാണ് കണ്ടത്. എന്നെ കണ്ടപ്പോൾ അവർ പറഞ്ഞു. ആ നീചന്റെ വാക്കുകൾ മൂലം നീ എവിടെയെങ്കിലും വഞ്ചനയിൽപ്പെട്ടുപോകരുതേ!

മസൂഹിയിൽ നിന്നും ഏകദേശം ഇതുപോലെ തന്നെ ഉദ്ധരിക്കപ്പെടുന്നുണ്ട്. അദ്ദേഹം ശൈത്വാനെ നഗ്നനായിക്കണ്ടപ്പോൾ മനുഷ്യർക്കിടയിൽ ഇപ്രകാരം നടക്കാൻ നിനക്ക് നാണമില്ലേ? എന്നു ചോദിച്ചു. അല്ലാഹുവിൽ സത്യം. ഇവർ മനുഷ്യരല്ല. ഇവർ മനുഷ്യരായിരുന്നുവെങ്കിൽ കുട്ടികൾ പന്ത് കളിക്കുന്നതുപോലെ ഇവരെക്കൊണ്ട് ഞാൻ കളിക്കുകയില്ലായിരുന്നു. എന്റെ ശരീരത്തെ അസ്വസ്ഥരാക്കിയ അവരാണ് മനുഷ്യർ! എന്ന് പറഞ്ഞ് ഒരു സംഘം സൂഫിയാക്കളെ ചൂണ്ടിക്കാണിച്ചു. (ദിക്റിന്റെ മഹത്വങ്ങൾ, പേ. 68, 69) (ദിക്ർ ഖഫിയ്യിന്റെ ശ്രേഷ്ഠത)

സൂഫിയാക്കൾക്ക് വേണ്ടി പണി എടുക്കുന്നത് ശൈത്വാൻ തന്നെയാണ്. ഏതായാലും കുട്ടി സൂഫികളടക്കം ഗൈബ് അറിയുന്നവരായി. വനിതാസൂഫികളും പിറകിലല്ല. ഹസ്റത്ത് ഇബ്റാഹീം ഖവാസ് പറയുന്നു. "ഞാൻ ഒരു പ്രാവശ്യം ഒരു മലയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് വലിയ ബുദ്ധിമുട്ട് വന്നു. ഞാൻ അതെല്ലാം സഹിക്കുകയും നല്ല മുഖപ്രസന്നതയോടുകൂടി തന്നെ അതിൽ ക്ഷമിക്കുകയും ചെയ്തു. അങ്ങിനെ ഞാൻ മക്കാമുകർമയിൽ പ്രവേശിച്ചപ്പോൾ ഈ നല്ല കാര്യത്തെക്കുറിച്ച് എന്നിൽ ഒരു ഉൾപ്പെരുമയുണ്ടായി. ഞാൻ ത്വവാഫ് ചെയ്തുകൊണ്ടിരിക്കുമ്പോൾ പിന്നിൽ നിന്നും ഒരു വൃദ്ധ ഇപ്രകാരം വിളിച്ചു പറഞ്ഞു. ഇബ്രാഹീം! ആ മലയിൽ ഈദാസിയും നിന്റെ കൂടെത്തന്നെയുണ്ടായിരുന്നു. പക്ഷേ അല്ലാഹുവിന്റെ ധ്യാനത്തിൽ നിന്നും മറ്റൊരു ഭാഗത്തേക്കും നിന്റെ ശ്രദ്ധ തിരിയേണ്ട എന്ന വിചാരത്തിലാണ് ഞാനൊന്നും മിണ്ടാതിരുന്നത്. ഇപ്പോൾ നിനക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഈ ദുശ്ചിന്ത നിന്റെ ഹൃദയത്തിൽ നിന്നും നീ നീക്കിക്കളയുക." (ഹജ്ജിന്റെ മഹത്വങ്ങൾ. പേജ്. 480)

ഇത്തരം കള്ളക്കഥകളിൽ നിന്നും മുസ്‌ലിം സമുദായത്തെ അല്ലാഹു രക്ഷിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം...